DEMAND XVI—JAILS.

Rao Bahadur Dr. N. Kunjan Pillai: I move for a grant not exceeding Rs. 91,262 under Demand XVI—Jails.

The motion that Demand XVI—Jails—for Rs. 91,262 be passed was put to the vote of the House and carried.

The grant was made.

DEMAND XVII—PORTS.

Rao Bahadur Dr. N. Kunjan Pillai: I move for a grant not exceeding Rs. 16,819 under Demand XVII—Ports.

Mr. J. John Kattakayam: സർ, ഭാരതഭൂവിനു ഭൂഷണമായ തിരുവിതാംകൂറിൽ പ്രകൃതിദത്തമായിതന്നെ അനേകം സമുദ്രതീരങ്ങളുണ്ടു. ഇൻഡ്യയിൽ ഇതുപോലെ സമുദ്രതീരമുള്ള മറെറാരു ഏതദ്ദേശീയ രാജ്യവുമില്ല. ഇത്ര നമുക്കു ധാരാളം തുറമുഖങ്ങളുള്ളപ്പോൾ മറെറാരു വലിയ ശക്തിയുമായി കൂടിച്ചേരേണ്ട ആവശ്യമെന്തായിരുന്നു? കൊച്ചി തുറമുഖത്തിന്റെ നാലാം ഘട്ടം ജോലിയുടെ സമയമായപ്പോൾ ഗവണ്മെൻറിനു ഏതാണ്ടൊരു വല്ലായ്മക്കു കാരണമായ കഥ സർവ വിദിതമാണ്. കൊച്ചി തുറമുഖത്തെ സംബന്ധിച്ചിടത്തോളമുള്ള സംഗതികളും മുഴുവനും അവിടത്തെ ദിവാൻ നിയമസഭാംഗങ്ങളോടു തുറന്നുപറയുമ്പോൾ നമ്മുടെ ഗവർമ്മെൻറു അതിനെ രഹസ്യമായിട്ടു വച്ചുകൊണ്ടിരിക്കുന്നു. ഈസ്ഥിതിക്കു തിരുവിതാംകൂർ കൊച്ചു കൊച്ചിയെപോലും പരിഷ്കാരവിഷയത്തിൽ അനുകരിക്കുന്നതിനു അപ്രാപ്തമായവിധത്തിലാണ് കാണുന്നതു്.

Rao Bahadur Dr. N. Kunjan Pillai: കൊച്ചിൻഹാർബറിനെ സംബന്ധിച്ചു് വേറെ ഒരു ഡിമാൻഡ് വരുന്നുണ്ടു്. അതിൽ വേണം ഈ സംഗതികളൊക്കെ പറയുവാൻ.

Mr. J. John Kattakayam: അതിവിടെ അലോചനക്കു് വരുമോ എന്നു് സംശയമാണ്.

Chairman: ഈ ഡിമാൻഡു തിരുവിതാംകൂറിലുള്ള തുറമുഖങ്ങളെ സംബന്ധിച്ചുള്ളതാണ്. കൊച്ചി തുറമുഖം തിരുവിതാംകൂറിലല്ലാത്തതുകൊണ്ടു് അതിനെപ്പറ്റിപറയുവാൻ പാടില്ല.

Mr. J. John Kattakayam: കൊച്ചി തുറമുഖത്തിനു നാം പണം ചിലവാക്കുന്നതുകൊണ്ടു് ഞാൻ ഇതു പറഞ്ഞു എന്നേ ഉള്ളു. എന്തായാലും അതുവിട്ടുകളയാം. കൊച്ചി തുറമുഖത്തിൽ തിരുവിതാംകൂ

LIBRARY ARCHIVES Kerala Legislative Assembly